**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1942** **20-06-2024 - ൽ മറുപടിയ്ക്ക്**

**ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയ്ക്കായി ജനപ്രതിനിധികളുടെ ശിപാർശ പ്രകാരം തയ്യാറാക്കിയ കളിസ്ഥലങ്ങളുടെ പ്രാഥമിക ലിസ്റ്റിന് അംഗീകാരം നൽകിയും ഭേദഗതികൾ വരുത്തിയും 14.02.2024 ലെ സ.ഉ(സാധാ)നം.40/2024/ കാ.യു.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഓരോ പ്രവർത്തിയ്ക്കും 1 കോടി രൂപ അടങ്കൽ പ്രതീക്ഷിക്കുന്ന പദ്ധതിയിൽ 50% തുക (പരമാവധി 50 ലക്ഷം രൂപ) കായിക വകുപ്പിന്റെ പദ്ധതി വിഹിതമായും ബാക്കി വരുന്ന തുക ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവയിൽ നിന്നും കണ്ടെത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.<br><br>ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ SoP (Standard Operating Procedure) അംഗീകരിച്ച് 09.10.2023 തീയതിയിലെ സ.ഉ (അച്ചടി) നം.104/2023/ധന പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധയിടങ്ങളിൽ നിന്നു ലഭിക്കുന്ന തുകകൾ നിക്ഷേപിക്കുന്നതിനു മാത്രമായി കായിക യുവജനകാര്യ ഡയറക്ടറുടെ പേരിൽ വെള്ളയമ്പലം സബ്ബ് ട്രഷറിയിൽ ഒരു പലിശ രഹിത സെപ്ഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള അനുമതി നൽകുകയും ഇതിൻ പ്രകാരം വെള്ളയമ്പലം സബ് ട്രഷറിയിൽ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 18.10.2023 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം. 305/2023/കാ.യു.വ പ്രകാരം 120 കളിസ്ഥലങ്ങൾക്ക് 60 കോടി രൂപയുടെ സമഗ്ര ഭരണാനുമതി നൽകിയും ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | എം.എൽ.എ/എം.പി/തദ്ദേശ സ്വയംഭരണ ഫണ്ട് എന്നിവ ലഭ്യമാക്കിയ 40 കളിക്കളങ്ങൾക്ക് കായികയുവജനകാര്യാലയം ഡയറക്ടറുടെ സമഗ്രഭരണാനുമതി ലഭ്യമാവുകയും ഇതിൻപ്രകാരം 36 പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിച്ച് തുടർനടപടികൾ സ്വീകരിച്ചു വരികയുമാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നതിന് തെരഞ്ഞെടുത്ത പുതുക്കാട് മണ്ഡലത്തിലെ നന്തിക്കര ജി.വി.എച്ച്.എസ്. ഗ്രൗണ്ടിന്റെ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (ബി) | 14.02.2024-ലെ സ.ഉ.(സാധാ)നം. 40/2024/ കാ.യു.വ പ്രകാരം അംഗീകരിച്ച ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ഭേദഗതി ലിസ്റ്റിൽ ക്രമ നമ്പർ 52 ആയാണ് തൃശ്ശൂർ ജില്ലയിലെ പുതുക്കാട് മണ്ഡലത്തിലെ പ്രാപ്പക്കര ഗ്രാമപഞ്ചായത്തിലെ ജി.വി.എച്ച്.എസ്.എസ്. നന്തിക്കര ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത പദ്ധതിക്കായുള്ള എം.എൽ.എ ഫണ്ട് അനുവദിച്ചു കൊണ്ട് എം.എൽ.എ യുടെയോ, ജില്ലാ കളക്ടറുടെയോ അറിയിപ്പ് ലഭ്യമായാലുടൻ പ്രസ്തുത പദ്ധതിക്കായുള്ള ഭരണാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. |
| (സി) | ആധുനിക കളിക്കളങ്ങൾ, ഇൻഡോർ സ്റ്റേഡിയങ്ങൾ, ടർഫ് കോർട്ടുകൾ തുടങ്ങിയ സംവിധാനങ്ങൾ കൂടുതലായി ഒരുക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ; വ്യക്തമാക്കാമോ? | (സി) | കായിക അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് കളിക്കളങ്ങളുടെ നിർമ്മാണം, നാച്ചറൽ/ സിന്തറ്റിക് ടർഫ്, ട്രാക്ക്, ഇൻഡോർ കോർട്ടുകൾ, സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ, ഓപ്പൺ ജിംനേഷ്യം, ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി മുതലായ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെട്ട പദ്ധതികളും, കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിക്കുന്ന കായിക അടിസ്ഥാന സൗകര്യവികസന പദ്ധതികളും കായികയുവജനകാര്യ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ